Page 1 of 2

(സി) ചേറ്റുകുണ്ടിൽനിന്നും ഉദുമയിലേക്ക് 9 കിലോമീറ്റർ യാത്ര ചെയ്താൽ കാഞ്ഞങ്ങാടുനിന്നും മേൽപ്പറമ്പിലേക്കുള്ള 20 കിലോമീറ്റർ ദൂരത്തിന്റെ ചാർജായ 18 രൂപ നൽകേണ്ട അവസ്ഥ വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഈ പ്രശ്നത്തിന് ശാശ്വത പരിഹാരം കാണുന്നതിന് കെ.എസ്.ആർ.ടി.സി. നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 12 ഫെയർ സ്റ്റേജുകൾ

(ബി) കാസർഗോഡ്- കാഞ്ഞങ്ങാട്-ചന്ദ്രഗിരി റൂട്ടിൽ ചന്ദ്രഗിരിപാലം ഉദ്ഘാടനം ചെയ്തതുമുതൽ ഫാസ്റ്റ് പാസഞ്ചർ, ലിമിറ്റഡ് സ്റ്റോപ് ഓർഡിനറി, ഓർഡിനറി എന്നിങ്ങനെ 3 തരം സർവ്വീസുകളാണ് നടത്തിയിരുന്നത്. ഫാസ്റ്റ് പാസഞ്ചർ സർവ്വീസ് വരുമാനക്കുറവ് മൂലം നിർത്തൽ ചെയ്യുകയുണ്ടായി. മേൽപ്പറമ്പ്, പാലക്കുന്ന്, പള്ളിക്കര, കാഞ്ഞങ്ങാട് എന്നിവിടങ്ങളിൽ ഫെയർ സ്റ്റേജ് അനുവദിച്ചാണ് ലിമിറ്റഡ് സ്റ്റോപ്പ് ഓർഡിനറി സർവ്വീസുകൾ നടത്തിക്കൊണ്ടിരുന്നത്. എന്നാൽ കാഞ്ഞങ്ങാട് ഡിപ്പോ തുടങ്ങിയതോടുകൂടി കാസർഗോഡ് നിന്നും ഓപ്പറേറ്റ് ചെയ്തിരുന്ന ഭൂരിപക്ഷം ഓർഡിനറി സർവ്വീസുകളും കാഞ്ഞങ്ങാട് ഡിപ്പോയിലേക്ക് മാറ്റിയതോടുകൂടി ഓർഡിനറി സർവ്വീസുകൾ ചന്ദ്രഗിരി റൂട്ടിൽ കയറുകയും യാത്രക്കാർ ലിമിറ്റഡ് സ്റ്റോപ്പ് സർവ്വീസുകളെ കൂടുതലായി ആശ്രയിക്കുന്നതിന് കാരണമാകുകയും ചെയ്തു. ആയതിനാൽ യാത്രക്കാർ ഓർഡിനറി ലിമിറ്റഡ് സ്റ്റോപ്പ് ഫെയർ സ്റ്റേജ് അല്ലാത്ത സ്ഥലങ്ങളിൽനിന്നും കയറി ഫെയർ സ്റ്റേജ് ഇല്ലാത്ത സ്ഥലത്ത് ഇറങ്ങുമ്പോഴാണ് 13 രൂപ വരെ നൽകേണ്ടിവന്നത്.

(സി) ലിമിറ്റഡ് സ്റ്റോപ്പ് ഫെയർ സ്റ്റേജ് സർവ്വീസിന് കാഞ്ഞങ്ങാട്, പള്ളിക്കര, പാലക്കുന്ന്, മേൽപ്പറമ്പ്, കാസർഗോഡ്, എന്നിങ്ങനെയാണ് ഫെയർ സ്റ്റേജ് നിശ്ചയിച്ചിരിക്കുന്നത്. ചേറ്റുകുണ്ട് എന്ന സ്ഥലത്ത് നിന്നും ഉദുമയിലേക്ക് യാത്ര ചെയ്യുമ്പോൾ ഉദുമയിൽ ലിമിറ്റഡ് സ്റ്റോപ്പ് ഓർഡിനറി സർവ്വീസിന് ഫെയർ സ്റ്റേജ് ഇല്ലാത്തതിനാൽ അടുത്ത സ്റ്റേജായ മേൽപ്പറമ്പിലേക്കുള്ള ടിക്കറ്റ് നിരക്കായ 18 രൂപ നൽകേണ്ടിവരുന്നുണ്ട്.

(ഡി) ടി റൂട്ടിൽ ഫെയർ സ്റ്റേജ് അപാകത ഉണ്ടോയെന്ന കാര്യം പരിശോധിക്കുന്നതാണ്.

**ഗതാഗതവകുപ്പിലെ ജോയിന്റ് കമ്മീഷണർ/അഡീഷണൽ കമ്മീഷണർ തസ്തികയിലെ സ്ഥാനക്കയറ്റം**

**308 (5239)** ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗതാഗത വകുപ്പിലെ ഐ.പി.എസ്. കേഡർ തസ്തികയിൽ നിലനിന്നിരുന്ന ജോയിന്റ് കമ്മീഷണർ/അഡീഷണൽ കമ്മീഷണർ തസ്തികയിലേക്ക് വകുപ്പിലെ ഏതെങ്കിലും ഉദ്യോഗസ്ഥന് സ്ഥാനക്കയറ്റം നൽകി നിയമിക്കുവാൻ സർക്കാർ തലത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) വകുപ്പുതല ശുപാർശയില്ലാതെ തസ്തിക സൃഷ്ടിക്കുന്നതിനോ, ഉയർത്തുന്നതിനോ ശുപാർശ ചെയ്യുവാൻ ധനകാര്യ വകുപ്പുമന്ത്രിക്ക് അധികാരമുണ്ടോ ; ഉണ്ടെങ്കിൽ ഏത് ചട്ടപ്രകാരമാണെന്ന് രേഖാമൂലം വിശദമാക്കാമോ ?

**ഉത്തരം**

(എ) ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിൽ നിലനിന്നിരുന്ന ഐ.പി.എസ്. എക്സ് കേഡർ തസ്തികയായ ജോയിന്റ്/അഡീഷണൽ ട്രാൻസ്പോർട്ട് കമ്മീഷണർ തസ്തിക ദീർഘകാലമായി ഓപ്പറേറ്റ് ചെയ്യാതിരുന്ന സാഹചര്യത്തിൽ മോട്ടോർ വാഹന വകുപ്പിലെ ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ & സെക്രട്ടറി എസ്.റ്റി.എ. എന്ന തസ്തിക അഡീഷണൽ ട്രാൻസ്പോർട്ട് കമ്മീഷണർ & സെക്രട്ടറി എസ്.റ്റി.എ. എന്ന തസ്തികയായി ഉയർത്തുന്നതിന് ഗതാഗത കമ്മീഷണർ ശുപാർശ സമർപ്പിച്ചിരുന്നു. ടി ശുപാർശ സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

**പാസഞ്ചർ വെഹിക്കിളുകളിൽ വാതിലുകൾ വേണമെന്ന നിർദ്ദേശം**

**309 (5240)** ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സർവ്വീസ് നടത്തുന്ന സ്കൂൾ ബസ് ഉൾപ്പെടെ ഏതെല്ലാം പാസഞ്ചർ വെഹിക്കിളുകളിലാണ് വാതിലുകൾ വേണമെന്ന നിർദ്ദേശങ്ങളും കോടതി വിധികളും നിലവിലുള്ളത് ;

(ബി) ഇത്തരത്തിൽ സർവ്വീസ് നടത്തുന്ന വാഹനങ്ങളിൽ ഡോറുകൾ ഇല്ലാത്തതിന്റെ പേരിൽ എത്ര തുക ഫൈൻ ഇനത്തിൽ ഈ സർക്കാരിന്റെ കാലയളവിൽ ഓരോ വർഷവും ഈടാക്കിയിട്ടുണ്ട് ; വിശദാംശം വ്യക്തമാക്കുമോ ;

(സി) ഇത്തരത്തിൽ വാതിലുകൾ ഇല്ലാത്ത കാരണത്താൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര അപകടങ്ങൾ ഉണ്ടായി ; എത്ര പേർ മരണപ്പെട്ടു ; എത്രപേർക്ക് അംഗവൈകല്യം സംഭവിച്ചു ; വിശദാംശം വ്യക്തമാക്കുമോ ;

(ഡി) ഇത്തരത്തിൽ സർവ്വീസ് നടത്തുന്ന ബസുകളെ കണ്ടെത്താനായി മനുഷ്യാവകാശ കമ്മീഷൻ എന്തെല്ലാം നിർദ്ദേശങ്ങൾ വകുപ്പിന് നൽകിയിട്ടുണ്ട് ; വ്യക്തമാക്കുമോ ;

(ഇ) ഇത്തരത്തിൽ സർവ്വീസ് നടത്തുന്ന ബസുകളെ കണ്ടെത്തി വാതിലുകൾ പിടിപ്പിച്ചശേഷം സർവ്വീസ് നടത്തിയാൽ മതിയെന്ന കർശന നിർദ്ദേശം നൽകുമോ ; സർക്കാർ നിർദ്ദേശം പാലിക്കാത്ത ഇത്തരം വാഹനങ്ങളുടെ പെർമിറ്റ് റദ്ദ് ചെയ്യുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ; വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly